പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7384 — 17-7-12 ൽ മറുപടിക്ക്

# സി-ഡിറ്റിൽ റീസ്ട്രക്ച്ചറിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. കെ.സി. ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) സിഡിറ്റിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | എ) ശാസ്ത്രം, വിദ്യാഭ്യാസം വികസനം തുടങ്ങിയ മേഖലകളിൽ വീഡിയോ ചിത്ര നിർമ്മാണം നടത്തുക, മൾട്ടിമീഡിയ/വെബ് മാധ്യമങ്ങളിലൂടെയുളള സംവേദന പദ്ധതികളും വിവിധ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വേണ്ടി വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സേവനപദ്ധതികളും ആവിഷ്കരിച്ച് നടപ്പിലക്കുക എന്നിവയാണ് പ്രധാന പ്രവർത്തനലക്ഷ്യങ്ങൾ. ഹോളോഗ്രാം സുരക്ഷാലേബൽ നിർമ്മാണം പോലെയുളള ഓപ്ടിക്കൽ ഇമേ ിംഗ് സാങ്കേതികവിദ്യാ രംഗത്തെ പദ്ധതികളും സിഡിറ്റ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. കമ്മ്യൂണിക്കേഷൻ, ഐ.ടി. മേഖലകളിൽ കോഴ്സുകളും പരിശീലന പരിപാടികളും നടത്തുന്നതും സി-ഡിറ്റിന്റെ ലക്ഷ്യങ്ങളിൽ പെടുന്നു. ഗവേഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന തരത്തിൽ ഗവേഷണ വികസന വിഭാഗം കൂടുതൽ സജീവമാക്കാനും ലക്ഷ്യമിടുന്നു. |
| ബി) സിഡിറ്റിൽ ഇപ്പോൾ റീ സ്ട്രക്ച്ചറിംഗ് എന്ന പേരിൽ നടന്നുവരുന്ന നടപടികൾ സ്ഥാപനത്തിന് ഗുണകരമാണെന്ന് കരുതുന്നുണ്ടോ; | ബി) സി) & ഡി) ഉണ്ട്. റീസ്ട്രക്ചറിംഗ് ഗുണകരമാകുമെന്ന് കരുതിയാണ് നടപ്പിലാക്കിയത്. ഇത് സംബന്ധിച്ച് ലഭിച്ച ജീവനക്കാരുടെ പരാതിയിൻമേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) ആയത് അശാസ്ത്രീയമായ നയസമീപനമാണ് എന്ന് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത നടപടികൾ നിർത്തി വയ്ക്കുമോ; | |
| ഡി) ഇത് സംബന്ധിച്ച് ജീവനക്കാരുടെ പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; ഇതിൻമേൽ എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | |

സെക്ഷൻ ഓഫീസർ